പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാന്റെ മാറാട് സന്ദർശനം

165 (2444) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗ സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാൻ വർഗ്ഗീയ കലാപം നടന്ന മാറാട് സന്ദർശിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരമൊരു സന്ദർശനത്തിന് സർക്കാർ അദ്ദേഹത്തിന് നിർദ്ദേശം നൽകിയിരുന്നോ ;

(സി) മാറാട് കലാപം നടന്ന പ്രദേശത്തെ ഏതെങ്കിലും ജനവിഭാഗത്തിന് കോർപ്പറേഷനിൽ നിന്ന് വായ്പ നൽകാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ മാറാട് നിന്നും വായ്പയ്ക്ക് ലഭിച്ച അപേക്ഷകൾ, ഇതിനകം അനുവദിച്ച വായ്പകൾ, വായ്പാ നിബന്ധനകൾ, വായ്പ നൽകിയ വ്യക്തികളുടെ പേരുവിവരങ്ങൾ എന്നിവ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

എട്ടാം ക്ലാസിലെ ഉപ പാഠപുസ്തകത്തിന്റെ അച്ചടി

166 (2425) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗ സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തു തുകയ്ക്കാണ് സ്വകാര്യ പ്രസ്സിന് 8-ാം ക്ലാസ്സിലെ ഉപ പാഠ പുസ്തകത്തിന്റെ കോപ്പി അച്ചടിക്കുവാൻ കരാർ നല്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് പ്രസ്സിൽ പ്രസ്തുത ജോലി ചെയ്താൽ സർക്കാരിന് എന്തുതുക ചെലവാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ വകുപ്പിൽ നിന്നും കരാർ നൽകിയിട്ടില്ല.

(ബി) സർക്കാർ പ്രസ്സിൽ ഒരു ലക്ഷം പ്രതികൾ അച്ചടിക്കുന്നതിന് 2,10,612.25 രൂപ ചെലവ് വരും.

LIBRARY ARCHIVES Kerala Legislative Assembly